"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ അഴകന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി 49135/- രൂപയും 2011 മുതലുള്ള 18 % പലിശയും ഉൾപ്പെടെ തുക എഴുതിത്തള്ളുന്നതിന് എറണാകുളം ജില്ലാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.270/2022/LSGD തീയതി,തിരുവനന്തപുരം, 07-02-2022

---

പരാമർശം:- 1. ശ്രീ. ടി.എ.സുബ്രഹ്മണ്യന്റെ 04.09.2020 ലെ അപേക്ഷ.

2. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.11.2020 ലെ ഡിപി4-1369/2003 നമ്പർ കത്ത്.

ഉത്തരവ്

ശ്രീ.അഴകൻ എന്നയാൾ ജില്ലാ പഞ്ചായത്തിൽ നിന്നും പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എഴുപത്തി അയ്യായിരം(75000/-) രൂപയുടെ സ്കീം പ്രകാരം സ്ഥലം വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ആദ്യം അനുവദിച്ച 20,000/-രൂപയ്ക്ക് സ്ഥലം വാങ്ങിയെങ്കിലും രോഗാവസ്ഥമൂലം വീട് പണി മുടങ്ങുകയും പിന്നീട് ബ്ലോക്ക് പട്ടികജാതി ഓഫീസിൽ നിന്നും വീടിനായി തുക വാങ്ങി വീട് പണി തീർത്തിട്ടുള്ളതുമാണെന്നും തുടർന്ന് ക്ഷയരോഗ ബാധിതനായി ടിയാൻ 20.06.2019-ൽ മരണപ്പെട്ടതായും വസ്തു സംബന്ധമായ പോക്കുവരവിനായി വില്ലേജ് ഓഫീസിൽ ചെന്നപ്പോൾ ടി വസ്തുവിന് ജില്ലാ പഞ്ചായത്തിന്റെ ജപ്തി നോട്ടീസ് ഉള്ളതായി അറിയാൻ കഴിഞ്ഞെന്നും മകനായ താൻ ഹൃദയസംബന്ധമായ അസുഖത്തിന് ദീർഘനാളായി ചികിത്സയിലാണെന്നും ഇക്കാര്യം പരിഗണിച്ച് മരണപ്പെട്ട അച്ഛന്റെ പേരിലുള്ള 20,000/- രൂപയും പലിശയുമടക്കമുള്ള തുക എഴുതിത്തള്ളി ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് ശ്രീ.ടി.എ.സുബ്രഹ്മണ്യൻ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. മേൽ വിഷയത്തിൽ പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ഒരേ ആവശ്യത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റി സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തതായി കണ്ടെത്തിയതിനാൽ ഭവന നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 20,000/- രൂപ പലിശ സഹിതം തിരിച്ചടക്കുന്നതിന് കത്ത് നല്കിയിരുന്നെങ്കിലും മറുപടി നല്കുകയോ തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നതിനെത്തുടർന്ന് 49,135/- രൂപയും 2011 മുതലുള്ള 18 % പലിശയും ഉൾപ്പെടെ തുക തിരികെ ഈടാക്കുന്നതിനായി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ അഴകന്റെ മകനായ ശ്രീ സുബ്രഹ്മണ്യത്തിന്റെ അപേക്ഷയിൽ

അഴകന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി 20,000/- രൂപയും പലിശയും എഴുതിത്തള്ളണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ശ്രീ. അഴകന് ക്ഷയരോഗം പിടിപെട്ടതിനാലാണ് യഥാസമയം വീട്ട പണി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്നും, 20/06/2019- ൽ ടിയാൻ മരണമടഞ്ഞതായും കൂടാതെ അപേക്ഷകനായ ടിയാന്റെ മകനായ ശ്രീ സുബ്രഹ്മണ്യൻ 15 വർഷമായി ഹൃദയസംബന്ധമായ അസുഖത്തിന് മരുന്ന് കഴിച്ചുവരുന്നതായും, നട്ടവിന് സർജറി കഴിഞ്ഞതായും, അപകടത്തെത്തുടർന്ന് വീണ്ടും സർജറി ചെയ്യണമെന്ന് ഡോക്ടർ നിർദ്ദേശിച്ചതായും അറിയിച്ചിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ പ്രത്യേക സാഹചര്യത്തിൽ മാനുഷിക പരിഗണന നൽകി തിരിച്ചടയ്ക്കാനുള്ള 49,135/- രൂപയും 2011 മുതലുള്ള 18% പലിശയും ഉൾപ്പെടെയുള്ള തുക എഴുതിത്തള്ളുന്നതിന് എറണാകുളം ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം.
ശ്രീ.റ്റി.എ.സുബ്രഹ്മണ്യൻ, പുതനകുഴിയിൽ വീട്, പരിയാരംകര,മീമ്പാറ പി.ഒ., പുത്തൻകുരിശ്(വഴി),എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ),കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിംഗ്, ഐ ആന്റ് പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ